# കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം
# ഡിസംബർ
# 2017




**പ്രൈസസ് വിഭാഗം**
**സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്**
**തിരുവനന്തപുരം**
**2018**

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

**സന്ദേശം**

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം എല്ലാ ദിവസവും 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ ശേഖരിക്കുകയും വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

24/01/2018 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി എത്തിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, കലാപങ്ങൾ, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണം.

അവലോകനമാസമായ ഡിസംബറിൽ പൊതുവിപണിയിൽ നിന്നും വിലയിൽ കാര്യമായ പരുക്കേൽക്കാതെ പൊതുജനം രക്ഷപ്പെട്ടു എന്ന് പറയാം.

പച്ചക്കറികളുടെ വിലയിൽ കാര്യമായ കുറവ് ഈ കാലയളവിൽ രേഖപ്പെടുത്തി. സവാള ഒഴികെയുള്ള എല്ലാ ഇനങ്ങളിലും ഈ കുറവ് ദൃശ്യമായിരുന്നു. ഉള്ളിയുടെ വില പ്രതീക്ഷിച്ചത്പോലെ വിളവെടുപ്പ് സീസൺ ആരംഭിച്ചതോടെ ഡിസംബർ മധ്യത്തോടെ വിലക്കുറവ് രേഖപ്പെടുത്തി ജനുവരിയിലും ഈ വിലക്കുറവ് തുടരുന്നതാണ്. കഴിഞ്ഞ കുറച്ച് മാസങ്ങളായി കൂടിക്കോണ്ടിരുന്ന തക്കാളി , കാബേജ് എന്നിവയുടെ വിലയിലും കാര്യമായ കുറവ് രേഖപ്പെടുത്തി. തമിഴ്നാട്ടിൽ പച്ചക്കറികളുടെ ഉൽപാദനത്തിലുണ്ടായ വർദ്ധനവാണു വിലക്കുറവിനു കാരണം.

അരിയുടെ വിലയിൽ സ്ഥിരത അനുഭപ്പെട്ടെങ്കിലും മാസാവസാനം വില വർദ്ധനവിലേക്ക് പോകുന്നതിന്റെ ചെറിയൊരു ലക്ഷണം വിപണിയിൽ കാണപ്പെട്ടു. എന്നാൽ ഇതിനു വ്യക്തമായ കാരണം വിപണിയിൽ നിന്നും ലഭിച്ചില്ല

പയർ വർഗ്ഗങ്ങളുടെ വിലയിലും തുടർച്ചയായ കുറവ് രേഖപ്പെടുത്തി.

ഓഖി ചുഴലിക്കാററിനെ തുടർന്ന് മൽസ്യത്തിന്റെ ലഭ്യത കുറയുകയും മൽസ്യ ഉപഭോഗം താൽക്കാലികമായി കുറഞ്ഞതും കാരണം ഇറച്ചി വിലയിൽ അവലോകന മാസമായ ഡിസംബറിൽ വർദ്ധനവ് രേഖപ്പെടുത്തി എന്നാൽ ജനുവരി അവസാനത്തോടെ വില വീണ്ടും കുറയാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വിലയിലുള്ള തുടർച്ചയായ വർദ്ധനവ് ഡിസംബറിലും തുടർന്നു. കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചയെ തുടർന്നു തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നും ആഭ്യന്തര വിപണിയിൽ നിന്നുമുള്ള തേങ്ങയുടെ ഉൽപാദനം കുറഞ്ഞതും ശബരിമല സീസണും കാരണമാണു വില കുറയാതെ നിൽക്കുന്നതിനുള്ള കാരണം ഫെബ്രുവരി അവസാനത്തോടെ തേങ്ങയുടെ ഉൽപാദനം വർദ്ധിക്കുന്നതോടെ വിലക്കയററത്തിനു ശമനമുണ്ടാകുമെന്നു വിപണിവൃത്തങ്ങൾ അറിയിച്ചു.

ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ കുറഞ്ഞ വില കിലോഗ്രാമിനു 500 രൂപയായി നിശ്ചയിച്ചത് കുരുമുളകിന്റെ വിലയിൽ മാസങ്ങളായുള്ള ഇടിവിനു പരിഹാരമായി. അവലോകന മാസമായ ഡിസംബറിൽ കുരുമുളകിന്റെ വിലയിൽ വർദ്ധനവു രേഖപ്പെടുത്തി. ഈ കുറവ് വരും മാസങ്ങളിലും തുടരുമെന്നാണു വിപണിയിൽ നുന്നുള്ള സൂചന.

## 1. ധാന്യങ്ങൾ

അരിയുടെ വിലയിൽ കാര്യമായ മാററം അവലോകനമാസമായ ഡിസംബറിൽ ദൃശ്യമായില്ല. എന്നാൽ മാസാവസാനം വില വർദ്ധിക്കാനുള്ള ഒരു പ്രവണത വിപണിയിൽ ദൃശ്യമായിരുന്നു. എന്നാൽ വർദ്ധിക്കാൻ തക്കതായ വ്യക്തമായ കാരണം വിപണിയിൽ നിന്നും ലഭ്യമായില്ല. കർഷകരിൽ നിന്നും മില്ലുടമകൾ ആവശ്യത്തിനു നെല്ല് സംഭരിച്ചെങ്കിലും അത് അരിയായി വിപണിയിൽ എത്തിയിട്ടില്ലെന്നാണു വിപണിയിൽ നിന്നും അറിയിച്ചത്.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 36.74 | 42.26 | 41.88 | -0.90 | 13.99 |
| 2 | ചമ്പ | കിലോഗ്രാം | 35.00 | 42.63 | 43.00 | 0.87 | 22.86 |
| 3 | റോസ് | കിലോഗ്രാം | 36.39 | 42.11 | 42.09 | -0.05 | 15.66 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 34.22 | 37.61 | 37.52 | -0.24 | 9.64 |
| 5 | ജയ | കിലോഗ്രാം | 34.60 | 39.83 | 39.64 | -0.48 | 14.57 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.65 | 32.27 | 32.14 | -0.41 | -4.48 |



## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളുടെ വിലയിൽ മാസങ്ങളായി കണ്ടുവരുന്ന കുറവ് അവലോകനമാസമായ ഡിസംബറിലും തുടർന്നു. ജനുവരിയിലും ഈ കുറവ് തുടരാനാണു സാധ്യതയെന്നു വിപണി വൃത്തങ്ങൾ അറിയിച്ചു. വിപണിയിൽ ആവശ്യത്തിനു പയർ വർഗ്ഗങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമായതാണ് വിലക്കുറവിനു കാരണം

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ എല്ലാ ഇനങ്ങൾക്കും ഈ കുറവ് ദൃശ്യമാണ്.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 83.51 | 84.18 | 83.87 | -0.37 | 0.43 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 99.87 | 90.27 | 89.90 | -0.41 | -9.98 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 133.96 | 98.05 | 94.38 | -3.74 | -29.55 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 127.04 | 90.29 | 87.09 | -3.54 | -31.45 |
| 5 | വൻപയർ | കിലോഗ്രാം | 78.13 | 74.46 | 72.71 | -2.35 | -6.94 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 128.29 | 84.71 | 84.06 | -0.77 | -34.48 |
| 7 | കടല(വലുത്) | കിലോഗ്രാം | 134.63 | 95.20 | 93.69 | -1.59 | -30.41 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 123.80 | 80.39 | 78.09 | -2.86 | -36.92 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 45.77 | 41.67 | 42.03 | 0.86 | -8.17 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 95.92 | 71.71 | 70.91 | -1.12 | -26.08 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഓഖി ചുഴലിക്കാററിനെ തുടർന്ന് മൽസ്യത്തിന്റെ ലഭ്യത കുറയുകയും മൽസ്യ ഉപഭോഗം താൽക്കാലികമായി കുറഞ്ഞതും കാരണം ഇറച്ചിക്കോഴിയുടെ വിലയിൽ അവലോകന മാസമായ ഡിസംബറിൽ വർദ്ധനവ് രേഖപ്പെടുത്തി എന്നാൽ ജനുവരി അവസാനത്തോടെ വില വീണ്ടും കുറയാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന. കോഴിമുട്ടയുടെ വിലയിൽ അവലോകനമാസത്തിൽ കുറവ് രേഖപ്പെടുത്തി എന്നാൽ ജനുവരിയോടെ മുട്ടയുടെ വില വീണ്ടും വർദ്ധിക്കാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ഉത്തരേന്ത്യയിൽ കരിമ്പിന്റെ ഉൽപാദനം വർദ്ധിച്ചതോടെ അവലോകനമാസത്തിന്റെ മധ്യത്തോടെ പഞ്ചസാരയുടെ വില കുറയുവാനുള്ള പ്രവണത കാണിച്ചു. ജനുവരിയിലും കുറവ് തുടരുമെന്നുതന്നെയാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 40.14 | 42.79 | 41.10 | -3.95 | 2.39 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 135.54 | 141.06 | 140.46 | -0.43 | 3.63 |
| 3 | ശർക്കര | കിലോഗ്രാം | 55.07 | 58.27 | 57.33 | -1.61 | 4.10 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.29 | 63.90 | 58.56 | -8.36 | 7.87 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 495.71 | 517.32 | 519.71 | 0.46 | 4.84 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 103.51 | 94.71 | 104.16 | 9.98 | 0.63 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 147.95 | 147.89 | -0.04 | 0.02 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.49 | 160.98 | 161.00 | 0.01 | 0.95 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

എല്ലാ ഇനം എണ്ണയുടെയും വിലയിൽ വർദ്ദനവ് രേഖപ്പെടുത്തി എന്നതാണു അവലോകനമായ ഡിസംബറിൽ വിപണിയിൽ കണ്ട പ്രത്യേകത.

വെളിച്ചെണ്ണയുടെയും തേങ്ങയുടെയും വില വർദ്ധനവിനു അവലോകന മാസമായ ഡിസംബറിലും യാതൊരു മാററവും ഇല്ലായിരുന്നു. പല ജില്ലകളിലും തേങ്ങ 10 എണ്ണത്തിനു 250 രൂപയിലധികമായി. കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ചയെ തുടർന്നു തമിഴ്നാട്,കർണാടക, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിൽ നിന്നും ആഭ്യന്തര വിപണിയിൽ നിന്നുമുള്ള തേങ്ങയുടെ ഉൽപാദനം കുറഞ്ഞതും ശബരിമല സീസണും കാരണമാണു വില കുറയാതെ നിൽക്കുന്നതിനുള്ള കാരണം. ജനുവരിയോടെ വില 300 രൂപക്കടുത്ത് എത്താൻ സാധ്യതയുണ്ടെന്നും തേങ്ങയുടെ ഉൽപാദനം വർദ്ധിക്കുന്നതോടെ ഫെബ്രുവരി അവസാനത്തോടെ വിലക്കയററത്തിനു ചെറിയൊരു ശമനം ഉണ്ടായേക്കാമെന്നും വിപണിവൃത്തങ്ങൾ അറിയിച്ചു.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 123.41 | 196.98 | 214.34 | 8.81 | 73.68 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.65 | 142.38 | 143.50 | 0.79 | -0.80 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.76 | 89.17 | 90.42 | 1.40 | 0.74 |
| 4 | നല്ലെണ്ണ | ലിററർ | 143.13 | 148.59 | 149.86 | 0.85 | 4.70 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.40 | 140.40 | 0.00 | 2.67 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.04 | 92.07 | 92.49 | 0.46 | -0.59 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.90 | 88.98 | 89.99 | 1.13 | 0.10 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 144.82 | 229.09 | 246.36 | 7.54 | 70.11 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

ഈ വിഭാഗത്തിൽ മുളക്, പുളി എന്നിവ ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും വിലക്കുറവ് രേഖപ്പെടുത്തി. പുളിയുടെ വിലയിൽ കാര്യമായ വർദ്ധനവ് രേഖപ്പെടുത്തി.

അവലോകന മാസമായ ഡിസംബറിൽ സുഗന്ധ_വ്യഞ്ജനങ്ങളിൽ പ്രതീക്ഷിച്ചത്പോലെ ഉള്ളിയുടെ ഉൽപാദനം വർദ്ധിച്ചതോടെ വില കുറയുവാൻ ആരംഭിച്ചു. മാസാവസാനം 100 രൂപയിൽ താഴെ എത്തിയ ഉള്ളിയുടെ വില ജനുവരി മാസത്തോടെ വൻ തോതിൽ കുറയുവാനുള്ള സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ഇറക്കുമതി ചെയ്യുന്ന കുരുമുളകിന്റെ കുറഞ്ഞ വില കിലോഗ്രാമിനു 500 രൂപയായി നിശ്ചയിച്ചത് കുരുമുളകിന്റെ വിലയിൽ മാസങ്ങളായുള്ള ഇടിവിനു പരിഹാരമായി. അവലോകന മാസമായ ഡിസംബറിൽ കുരുമുളകിന്റെ വിലയിൽ വർദ്ധനവു രേഖപ്പെടുത്തി. ജനുവരി മാസത്തിലും ഈ വർദ്ധനവ് തുടരാനാണു സാധ്യതെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 110.99 | 88.34 | 87.76 | -0.66 | -20.93 |
| 2 | മുളക് | കിലോഗ്രാം | 137.41 | 93.38 | 99.46 | 6.51 | -27.62 |
| 3 | ഉള്ളി | കിലോഗ്രാം | 33.90 | 149.61 | 130.80 | -12.57 | 285.84 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 112.14 | 139.80 | 161.14 | 15.26 | 43.70 |
| 5 | ജീരകം | 100 ഗ്രാം | 28.20 | 28.96 | 29.20 | 0.83 | 3.55 |
| 6 | കടുക് | 100 ഗ്രാം | 9.06 | 8.78 | 8.76 | -0.23 | -3.31 |
| 7 | ഉലുവ | 100 ഗ്രാം | 10.84 | 9.41 | 9.16 | -2.66 | -15.50 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.82 | 18.34 | 18.25 | -0.49 | -3.03 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.27 | 8.70 | 8.46 | -2.76 | -48.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 744.54 | 542.88 | 535.15 | -1.42 | -28.12 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

അവലോകനമാസമായ ഡിസംബറിൽ കിഴങ്ങുവർഗ്ഗങ്ങളിൽ എല്ലാ ഇനങ്ങൾക്കും കാര്യമായ വിലക്കുറവ് രേഖപ്പെടുത്തി.

കഴിഞ്ഞ ഏതാനും മാസങ്ങളായി വില വർദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്ന ബീററ്റൂട്ട് കാരററ് എന്നിവയുടെ വിലയിൽ കാര്യമായ വിലക്കുറവ് ഈ കാലയളവിൽ രേഖപ്പെടുത്തി. ഉൽപാദനം വർദ്ധിച്ചതോടെ വിപണിയിൽ കിഴങ്ങ്,പച്ചക്കറി വർഗ്ഗങ്ങൾ ധാരാളമായി ലഭ്യമായതോടെയാണു വിലക്കുറവുണ്ടായത്. ജനുവരിയിലും ഈ കുറവ് തുടരാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.33 | 37.61 | 36.26 | -3.59 | -2.87 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.76 | 23.43 | 21.93 | -6.40 | -26.31 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 26.76 | 25.98 | 24.64 | -5.16 | -7.92 |
| 4 | ചേമ്പ് | കിലോഗ്രാം | 54.93 | 51.09 | 46.74 | -8.51 | -14.91 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 29.53 | 51.43 | 39.04 | -24.09 | 32.20 |
| 6 | കാരററ് | കിലോഗ്രാം | 33.49 | 73.75 | 65.03 | -11.82 | 94.18 |



## VII. പച്ചക്കറി ഇനങ്ങൾ

സവാള ഒഴികെയുള്ള എല്ലാ പച്ചക്കറി ഇനങ്ങൾക്കും അവലോകനമാസമായ ഡിസംബറിൽ കാര്യമായ വിലക്കുറവ് രേഖപ്പെടുത്തി. തമിഴ്നാട്ടിൽ പച്ചക്കറികളുടെ ഉൽപാദനം വർദ്ധിച്ചതോടുകൂടി വിപണിയിൽ പച്ചക്കറികളുടെ ലഭ്യത വർദ്ധിച്ചതിനാലാണു വില കുറയാൻ കാരണം. ജനുവരിയിലും ഈ കുറവ് തുടരാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

കഴിഞ്ഞ ഏതാനും മാസങ്ങളായി കാര്യമായ വിലക്കയററം ദൃശ്യമായിരുന്ന തക്കാളി,കാബേജ് എന്നിവയുടെ വിലയിൽ വൻ തോതിലുള്ള വിലക്കുറവാണു അവലോകനമാസത്തിൽ കണ്ടത്. മാസാദ്യം 50 രൂപയോളം രേഖപ്പെടുത്തിയിരുന്ന തക്കാളിയുടെ വില മാസാവസാനം 20 രൂപയോളമായി റിപ്പോർട്ട് ചെയ്തു. തമിഴ്നാട്ടിൽ ഉൽപാദനം വർദ്ധിച്ചതിനാൽ ഇത് 10 രൂപവരെ ആവാൻ സാധ്യതയുണ്ടെന്നു വിപണിവൃത്തങ്ങൾ അറിയിച്ചു.

സവാളയുടെ വില മാസാദ്യം 60 രൂപവരെ ഉണ്ടായിരുന്നത് അൽപം കുറഞ്ഞു 50 രൂപ വരെ റിപ്പോർട്ട് ചെയ്തെങ്കിലും പിന്നീട് കാര്യമായ കുറവ് ദൃശ്യമായില്ല. എന്നാൽ ജനുവരി അവസാനത്തോടെ വിലയിൽ കുറവ് വരാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **19.60** | **47.86** | **52.21** | **9.09** | **166.38** |
| 2 | വഴുതന | കിലോഗ്രാം | **28.71** | **42.57** | **32.29** | **-24.15** | **12.47** |
| 3 | മത്തങ്ങ | കിലോഗ്രാം | **17.90** | **22.25** | **20.51** | **-7.82** | **14.58** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **23.09** | **23.55** | **19.67** | **-16.48** | **-14.81** |
| 5 | വെണ്ടക്ക | കിലോഗ്രാം | **30.01** | **34.11** | **32.20** | **-5.60** | **7.30** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **39.74** | **51.77** | **44.51** | **-14.02** | **12.00** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **47.60** | **55.11** | **48.43** | **-12.12** | **1.74** |
| 8 | കാബേജ് | കിലോഗ്രാം | **23.74** | **59.75** | **38.60** | **-35.40** | **62.59** |
| 9 | പാവയ്ക്ക | കിലോഗ്രാം | **38.70** | **52.41** | **46.60** | **-11.09** | **20.41** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **19.37** | **24.79** | **22.06** | **-11.01** | **13.89** |
| 11 | പടവലങ്ങ | കിലോഗ്രാം | **29.97** | **36.38** | **31.39** | **-13.72** | **4.74** |
| 12 | തക്കാളി | കിലോഗ്രാം | **15.44** | **49.11** | **28.31** | **-42.35** | **83.35** |
| 13 | പച്ചമുളക് | 100 ഗ്രാം | **4.36** | **5.50** | **4.36** | **-20.73** | **0.00** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **51.86** | **48.02** | **37.52** | **-21.87** | **-27.65** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **32.03** | **39.41** | **36.74** | **-6.77** | **14.70** |



## VIII. ഭക്ഷ്യേതര വസ്തുക്കൾ

മഴക്കാലത്തിനു ശേഷം നിർമ്മാണ മേഖല സജീവമാവുന്നതിന്റെ മുന്നോടി എന്നോണം സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ അവലോകനമാസമായ ഡിസംബറിൽ വർദ്ധനവിന്റേതായ പ്രവണത കാണിച്ചു ജനുവരി മാസത്തിലും ഈ വർദ്ധനവ് തുടരാനാണു സാധ്യതെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.75 | 19.85 | 19.86 | 0.05 | 11.89 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 26.04 | 27.32 | 27.34 | 0.07 | 4.99 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 484.29 | 514.29 | 514.29 | 0.00 | 6.19 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 411.50 | 378.75 | 380.88 | 0.56 | -7.44 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 405.25 | 373.75 | 375.88 | 0.57 | -7.25 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 40.51 | 43.66 | 45.56 | 4.35 | 12.47 |



## IX. പഴവർഗ്ഗങ്ങൾ

പഴവർഗ്ഗങ്ങളിൽ മുസമ്പി, ആപ്പിൾ എന്നിവ ഒഴികെയുള്ള ഏതാണ്ട് എല്ലാ ഇനങ്ങൾക്കും അവലോകന മാസമായ ഡിസംബറിൽ വിലക്കുറവ് രേഖപ്പെടുത്തി. മാതളത്തിന്റെ വിലയിൽ കഴിഞ്ഞ മാസങ്ങളിൽ നിന്നു വിഭിന്നമായി അവലോകനമാസത്തിൽ കാര്യമായ വിലക്കുറവ് രേഖപ്പെടുത്തി. വാഴപ്പഴം, ഏത്തപ്പഴം എന്നിവയുടെ വിലയിൽ കുറെ കാലമായി കണ്ടു വരുന്ന കുറവ് അവലോകനമാസത്തിലും തുടർന്നു. എന്നാൽ മാസാവസാനം വിലസ്ഥിരതയുടേതായ പ്രവണത കാണിച്ചു. ഈ വിലസ്ഥിരത ഒരു വില വർദ്ധനവിലേക്ക് പോകാൻ സാദ്ധ്യത ഉണ്ടെന്നു വിപണിവൃത്തങ്ങൾ അറിയിച്ചു .

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 128.00 | 125.50 | 118.25 | -5.78 | -7.62 |
| 2 | മുസമ്പി | കിലോഗ്രാം | 72.54 | 60.67 | 62.92 | 3.71 | -13.26 |
| 3 | മാതളം | കിലോഗ്രാം | 116.00 | 105.83 | 87.75 | -17.09 | -24.35 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 116.63 | 110.30 | 111.63 | 1.20 | -4.29 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 57.54 | 52.46 | 42.87 | -18.28 | -25.50 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 26.11 | 34.25 | 32.20 | -5.99 | 23.30 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 47.87 | 62.46 | 58.73 | -5.98 | 22.68 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 44.91 | 53.02 | 49.64 | -6.37 | 10.53 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 25.34 | 32.02 | 31.50 | -1.63 | 24.28 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 96.44 | 101.88 | 95.00 | -6.75 | -1.49 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 22.14 | 22.38 | 21.91 | -2.06 | -1.03 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 76.67 | 77.69 | 75.58 | -2.71 | -1.41 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 49.18 | 61.81 | 58.36 | -5.58 | 18.66 |



## അനുബന്ധം

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്** | | | | | | |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 36.74 | 42.26 | 41.88 | -0.90 | 13.99 |
| 2 | ചമ്പ | കിലോഗ്രാം | 35.00 | 42.63 | 43.00 | 0.87 | 22.86 |
| 3 | റോസ് | കിലോഗ്രാം | 36.39 | 42.11 | 42.09 | -0.05 | 15.66 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 34.22 | 37.61 | 37.52 | -0.24 | 9.64 |
| 5 | ജയ | കിലോഗ്രാം | 34.60 | 39.83 | 39.64 | -0.48 | 14.57 |
| 6 | ഗോതമ്പ് | കിലോഗ്രാം | 33.65 | 32.27 | 32.14 | -0.41 | -4.48 |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 83.51 | 84.18 | 83.87 | -0.37 | 0.43 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 99.87 | 90.27 | 89.90 | -0.41 | -9.98 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 133.96 | 98.05 | 94.38 | -3.74 | -29.55 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 127.04 | 90.29 | 87.09 | -3.54 | -31.45 |
| 5 | വൻപയർ | കിലോഗ്രാം | 78.13 | 74.46 | 72.71 | -2.35 | -6.94 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 128.29 | 84.71 | 84.06 | -0.77 | -34.48 |
| 7 | കടല(വലുത്) | കിലോഗ്രാം | 134.63 | 95.20 | 93.69 | -1.59 | -30.41 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 123.80 | 80.39 | 78.09 | -2.86 | -36.92 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 45.77 | 41.67 | 42.03 | 0.86 | -8.17 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 95.92 | 71.71 | 70.91 | -1.12 | -26.08 |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 40.14 | 42.79 | 41.10 | -3.95 | 2.39 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 135.54 | 141.06 | 140.46 | -0.43 | 3.63 |
| 3 | ശർക്കര | കിലോഗ്രാം | 55.07 | 58.27 | 57.33 | -1.61 | 4.10 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 54.29 | 63.90 | 58.56 | -8.36 | 7.87 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 495.71 | 517.32 | 519.71 | 0.46 | 4.84 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ള ത്) | കിലോഗ്രാം | 103.51 | 94.71 | 104.16 | 9.98 | 0.63 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.86 | 147.95 | 147.89 | -0.04 | 0.02 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 159.49 | 160.98 | 161.00 | 0.01 | 0.95 |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 123.41 | 196.98 | 214.34 | 8.81 | 73.68 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 144.65 | 142.38 | 143.50 | 0.79 | -0.80 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 89.76 | 89.17 | 90.42 | 1.40 | 0.74 |
| 4 | നല്ലെണ്ണ | ലിററർ | 143.13 | 148.59 | 149.86 | 0.85 | 4.70 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.40 | 140.40 | 0.00 | 2.67 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 93.04 | 92.07 | 92.49 | 0.46 | -0.59 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.90 | 88.98 | 89.99 | 1.13 | 0.10 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 144.82 | 229.09 | 246.36 | 7.54 | 70.11 |

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 110.99 | 88.34 | 87.76 | -0.66 | -20.93 |
| 2 | മുളക് | കിലോഗ്രാം | 137.41 | 93.38 | 99.46 | 6.51 | -27.62 |
| 3 | ഉള്ളി | കിലോഗ്രാം | 33.90 | 149.61 | 130.80 | -12.57 | 285.84 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 112.14 | 139.80 | 161.14 | 15.26 | 43.70 |
| 5 | ജീരകം | 100 ഗ്രാം | 28.20 | 28.96 | 29.20 | 0.83 | 3.55 |
| 6 | കടുക് | 100 ഗ്രാം | 9.06 | 8.78 | 8.76 | -0.23 | -3.31 |
| 7 | ഉലുവ | 100 ഗ്രാം | 10.84 | 9.41 | 9.16 | -2.66 | -15.50 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.82 | 18.34 | 18.25 | -0.49 | -3.03 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 16.27 | 8.70 | 8.46 | -2.76 | -48.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 744.54 | 542.88 | 535.15 | -1.42 | -28.12 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.33 | 37.61 | 36.26 | -3.59 | -2.87 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.76 | 23.43 | 21.93 | -6.40 | -26.31 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 26.76 | 25.98 | 24.64 | -5.16 | -7.92 |
| 4 | ചേമ്പ് | കിലോഗ്രാം | 54.93 | 51.09 | 46.74 | -8.51 | -14.91 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 29.53 | 51.43 | 39.04 | -24.09 | 32.20 |
| 6 | കാരററ് | കിലോഗ്രാം | 33.49 | 73.75 | 65.03 | -11.82 | 94.18 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 19.60 | 47.86 | 52.21 | 9.09 | 166.38 |
| 2 | വഴുതന | കിലോഗ്രാം | 28.71 | 42.57 | 32.29 | -24.15 | 12.47 |
| 3 | മത്തങ്ങ | കിലോഗ്രാം | 17.90 | 22.25 | 20.51 | -7.82 | 14.58 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 23.09 | 23.55 | 19.67 | -16.48 | -14.81 |
| 5 | വെണ്ടക്ക | കിലോഗ്രാം | 30.01 | 34.11 | 32.20 | -5.60 | 7.30 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 39.74 | 51.77 | 44.51 | -14.02 | 12.00 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 47.60 | 55.11 | 48.43 | -12.12 | 1.74 |
| 8 | കാബേജ് | കിലോഗ്രാം | 23.74 | 59.75 | 38.60 | -35.40 | 62.59 |
| 9 | പാവയ്ക്ക | കിലോഗ്രാം | 38.70 | 52.41 | 46.60 | -11.09 | 20.41 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 19.37 | 24.79 | 22.06 | -11.01 | 13.89 |
| 11 | പടവലങ്ങ | കിലോഗ്രാം | 29.97 | 36.38 | 31.39 | -13.72 | 4.74 |
| 12 | തക്കാളി | കിലോഗ്രാം | 15.44 | 49.11 | 28.31 | -42.35 | 83.35 |
| 13 | പച്ചമുളക് | 100 ഗ്രാം | 4.36 | 5.50 | 4.36 | -20.73 | 0.00 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 51.86 | 48.02 | 37.52 | -21.87 | -27.65 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 32.03 | 39.41 | 36.74 | -6.77 | 14.70 |

| നം | ഇനങ്ങൾ | അളവ് | ഡിസംബർ 2016 | നവംബർ 2017 | ഡിസംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.75 | 19.85 | 19.86 | 0.05 | 11.89 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 26.04 | 27.32 | 27.34 | 0.07 | 4.99 |
| 3 | വിറക് (നാടൻ) | ക്വിന്റൽ | 484.29 | 514.29 | 514.29 | 0.00 | 6.19 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 411.50 | 378.75 | 380.88 | 0.56 | -7.44 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 405.25 | 373.75 | 375.88 | 0.57 | -7.25 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 40.51 | 43.66 | 45.56 | 4.35 | 12.47 |
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 128.00 | 125.50 | 118.25 | -5.78 | -7.62 |
| 2 | മുസമ്പി | കിലോഗ്രാം | 72.54 | 60.67 | 62.92 | 3.71 | -13.26 |
| 3 | മാതളം | കിലോഗ്രാം | 116.00 | 105.83 | 87.75 | -17.09 | -24.35 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 116.63 | 110.30 | 111.63 | 1.20 | -4.29 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 57.54 | 52.46 | 42.87 | -18.28 | -25.50 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 26.11 | 34.25 | 32.20 | -5.99 | 23.30 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 47.87 | 62.46 | 58.73 | -5.98 | 22.68 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 44.91 | 53.02 | 49.64 | -6.37 | 10.53 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 25.34 | 32.02 | 31.50 | -1.63 | 24.28 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 96.44 | 101.88 | 95.00 | -6.75 | -1.49 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 22.14 | 22.38 | 21.91 | -2.06 | -1.03 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 76.67 | 77.69 | 75.58 | -2.71 | -1.41 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 49.18 | 61.81 | 58.36 | -5.58 | 18.66 |